# കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W6- 11876/19 തീയതി: 14/02/2020

സർക്കുലർ നമ്പർ: 24/2019-20

വിഷയം : 1983ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം കമ്മിറ്റികളുടെ റോളിലുള്ള തൊഴിലാളികളുടെ സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന സന്താനം/സന്താനങ്ങളുള്ളതുമായ തൊഴിലാളികൾക്ക് ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: 1) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശുപാർശ.

2) 26/8/2019 തീയതിയിലെ H3/104/2019- തൊഴിൽ, നമ്പർ കത്ത്.

1983ലെ ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്നതും, കമ്മിറ്റികളുടെ റോളിലുള്ളതും, സ്പെഷ്യൽ സ്കൂളിൽ അദ്ധ്യയനം നടത്തുന്ന സന്താനം/സന്താനങ്ങൾ ഉള്ളതുമായ തൊഴിലാളികൾക്ക് സൂചന (1) പ്രകാരം പ്രതിവർഷം 2500/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

സൂചന (1), (2) പ്രകാരം ചുമട്ടു തൊഴിലാളികളുടെ സ്പെഷ്യൽ സ്കൂളിൽ അദ്ധ്യയനം നടത്തുന്ന സന്താനം/സന്താനങ്ങളുള്ള തൊഴിലാളികൾക്ക് ഗ്രാന്റ് അനുവദിച്ചു നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളും കല്പനകളും പൊതു അറിവിന് വീഴ്ച കൂടാതെ പാലിക്കപ്പെടുന്നതിനുമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1983ലെ ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യു കമ്മിറ്റികളുടെ റോളിലുള്ളതും, 3 വർഷം സേവനദൈർഘ്യമുള്ളതും, പ്രതിവർഷം 160 ഹാജർ (ടേൺ പൂൾ ആനുപാതികമായി) ഉള്ളതുമായ തൊഴിലാളികളുടെ മക്കളിൽ അംഗീകൃത സ്പെഷ്യൽ സ്കൂളിൽ അദ്ധ്യയനം നടത്തുന്ന സന്താനം/ സന്താനങ്ങളുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി (1/4/2020 മുതൽ പ്രാബല്യത്തിൽ) പ്രതിവർഷം 2500/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സ്കൂൾ അദ്ധ്യയന വർഷം ആരംഭിച്ച് 1 മാസത്തിനകം വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ഫോറത്തിൽ ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലുകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇളവ് നൽകേണ്ട കേസുകൾ ജില്ലാ കമ്മിറ്റി ശുപാർശ സഹിതം ചീഫ് എക്സിക്യൂട്ടീവിന് അയക്കേണ്ടതുമാണ്.

ഗ്രാന്റ് വിതരണം നടത്തുന്നത് സംബന്ധിച്ച് വ്യവസ്ഥകളും നടപടി ക്രമങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് കമ്മിറ്റി/സബ് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരും ഉറപ്പു വരുത്തേണ്ടതാണ്.

ഈ സർക്കുലർ ലഭിച്ചതിന് കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻ മറുകുറി അയക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(I/c)

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:

1. ഫിനാൻസ് ഓഫീസർ / സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ ജൂനിയർ സൂപ്രണ്ട്മാർക്കും
3. സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്